കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജനകീയാസൂത്രണം 2011-12 -ക്ഷീരവികസനം-പ്രോജക്റ്റിന് അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ(സാധാ)നം:749/2012/തസ്വഭവ തിരുവനന്തപുരം, തീയതി: 13/3/2012

---

പരാമർശം:- 1. 6/7/2011-ലെ സ.ഉ (സാധാ) 1246/11/എ.ഡി നമ്പർ സർക്കാർ ഉത്തരവ്.

2. കണ്ണൂർ ജില്ലാപഞ്ചായത്ത് പ്രസിഡന്റിന്റെ 31/10/2011-ലെ ബി3-2529/11 നമ്പർ കത്ത്.

3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 29/2/12-ലെ തീരുമാനം ഇനം.2.10.

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ 2011-12 വർഷത്തെ പദ്ധതികളായ വേങ്ങാട് ഫാമിൽ പശുവിനെ വളർത്തൽ, ആധുനിക കാറ്റിൽ ഫാം എന്നീ പദ്ധതികൾ പ്രകാരമുള്ള പശുക്കളെ പ്രോജക്ടിൽ വകയിരുത്തിയ യൂണിറ്റ് കോസ്റ്റിൽ വാങ്ങുന്നതിന് സർക്കാർ പ്രത്യേക അനുമതി ലഭ്യമാക്കണമെന്ന് സൂചന (2) പ്രകാരം അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1)-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലും പരാമർശം (3)-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പശു വളർത്തൽ പ്രോജക്ടുകളിൽ യൂണിറ്റ് കോസ്റ്റ് ഒരു പശുവിന് 30,000/- (മുപ്പതിനായിരം) രൂപയായി അംഗീകരിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**വി.ശോഭ**

അഡീഷണൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

സെക്രട്ടറി, കണ്ണൂർ ജില്ലാപഞ്ചായത്ത്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ) തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, (LBA&A), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ജില്ലാ ആസൂത്രണ സമിതി, കണ്ണൂർ

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ